# പതിനാലാം കേരള നിയമസഭ
## (നാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1424 02.03.2017-ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ച ഭവന പദ്ധതികൾ**

| ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ | | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|---|
| എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച ഭവന പദ്ധതിയിൽ വീട് പണി പൂർത്തീകരിച്ചിട്ടും രണ്ടാം ഘട്ടവും മൂന്നാം ഘട്ടവും ധനസഹായം ലഭിക്കാത്തതു കാരണം മത്സ്യത്തൊഴിലാളികൾ ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി) ഇവർക്ക് അർഹമായ ബാക്കി തുക ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; | എ) യും ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തീരദേശ വികസന കോർപ്പറേഷനിൽ വിവിധ പദ്ധതികളിൽ ചെലവഴിക്കാതെ ബാക്കി ഉണ്ടായിരുന്ന തുക പ്രയോജനപ്പെടുത്തിയാണ് 2015-16 വർഷം ടി ഭവന പദ്ധതിയ്ക്ക് അനുമതി നൽകിയത്. ഈ പദ്ധതി പ്രകാരം 95 യൂണിറ്റുകളാണ് മലപ്പുറം ജില്ലയ്ക്ക് അനുവദിച്ചിട്ടുള്ളത്. ആദ്യ ഘട്ടമായി 100 ലക്ഷം രൂപയും രണ്ടാം ഘട്ടമായി 90 ലക്ഷം രൂപയും അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ തീരദേശ വികസന കോർപ്പറേഷൻ മതിയായ ഫണ്ടിന്റെ അഭാവത്താൽ രണ്ടാം ഗഡു തുക അനുവദിച്ചു നൽകിയിട്ടില്ല. ടി തുക അടിയന്തരമായി അനുവദിയ്ക്കുന്നതിന് തീരദേശ വികസന കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) ഇപ്രകാരം എത്ര പേർക്കാണ് ഇനി ബാക്കി തുക ലഭിക്കേണ്ടത് എന്നത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ? | സി) | 39 പേർക്ക് 2925000/- രൂപ അനുവദിക്കാൻ ബാക്കിയുണ്ട്. |

**സെക്ഷൻ ആഫീസർ**